# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 5, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

7 (*91) വയലുകളും തണ്ണീർത്തടങ്ങളും കായലുകളും സംരക്ഷിക്കാൻ നടപടി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി റവന്യൂ വകുപ്പിൽ താലൂക്ക് തലത്തിൽ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും റംസാർ തണ്ണീർത്തടങ്ങളായ വേമ്പനാട്, ശാസ്താംകോട്ട, അഷ്ടമുടി കായലുകളുടെ സമഗ്ര സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റി

മുഖേന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതാണെന്നും സഭയെ അറിയിച്ചു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം അനധികൃതമായി തരംമാറ്റം കണ്ടെത്തുന്ന കേസുകളിൽ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനും വാഹനം കണ്ടുകെട്ടുന്നതിനും ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 159 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് കെ.എസ്.ആർ.ഇ.സി.യുടെ (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ) സഹകരണത്തോടെ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നാളിതുവരെ 88 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടെന്നും ഡാറ്റാ ബാങ്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി. ഡയറക്ടർ എന്നിവർ അംഗങ്ങളുമായ ഒരു ഉന്നതതല സമിതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഡാറ്റാ ബാങ്കിൽ

നിലമെന്ന് രേഖപ്പെടുത്തിയതും നിരന്നുപോയതുമായ ഭൂമിയുടെ വിഷയത്തിൽ തിരുത്തൽ അപേക്ഷ സമർപ്പിക്കുന്നതിന് 6 മാസ കാലാവധി അനുവദിച്ചിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിന്റെ ജൈവ വൈവിദ്ധ്യ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി ജൈവ വൈവിദ്ധ്യ പരിപാലന സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ടെന്നും ഇടുക്കി ഒഴികെയുള്ള മറ്റ് ജില്ലകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 38.58 ഏക്കർ സ്ഥലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും വീടു വയ്ക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് സ്റ്റേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും നിലവിലെ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി വീട് വയ്ക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കായലുകളുടെ സംരക്ഷണത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അതോറിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8 (*92) <u>പൊതുവിദ്യാഭ്യാസ സംരക്ഷണം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ

ഭാഗമായി 'ഗുണനിലവാരവും തുല്യതയും ഉറപ്പാക്കുന്ന പൊതുവിദ്യാഭ്യാസം' എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും സഹായകമായ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ഓരോ സ്കൂളുകളിലും തയ്യാറാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ കുട്ടികൾക്ക് പരമാവധി ലഭിക്കുന്നതിന് 'സമഗ്ര' വിദ്യാഭ്യാസ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ലിംഗസമത്വം, ജാതി മതാതീത സമത്വബോധം, വിമർശനാത്മക ജനാധിപത്യമൂല്യം എന്നിവ കുട്ടികളിൽ ഉളവാക്കുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ എസ്.സി.ഇ.ആർ.റ്റി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സന്ദേശം സമൂഹത്തിൽ എത്തിക്കുന്നതിനും സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്തുന്നതിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രക്ഷകർത്താക്കൾക്ക് പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന മികവുകൾ രക്ഷകർത്താക്കളുമായും പൊതു സമൂഹവുമായും പങ്കുവയ്ക്കാൻ 2018 ഏപ്രിൽ മാസം 'സർഗ്ഗോത്സവം' എന്ന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചലഞ്ച് ഫണ്ട് വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശം ഉടൻ പുറപ്പെടുവിക്കുന്നതാണെന്നും 2018-

19 അക്കാദമിക്ക് വർഷത്തിൽ എൽ.പി.-യു.പി. സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് 300 കോടി രൂപ കിഫ്ബി മുഖാന്തരം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഹയർസെക്കന്ററി-ഹൈസ്കൂൾ തലത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും വിദ്യാർത്ഥികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണെന്നും മതനിരപേക്ഷ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*93 & *108) <u>സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക് നിലവാരത്തിലുള്ള മാറ്റങ്ങളും അതിന്റെ പ്രവർത്തനവും വിലയിരുത്തുന്നതിന് പുനഃസംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് യുക്തമായ തുടർനടപടികൾ കൈക്കൊള്ളുന്ന കാര്യം പരിശോധിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി. 2018-ൽ

പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെമേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചുവരികയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വാണിജ്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെയും സ്വയംഭരണാധികാരത്തെയും ബാധിക്കുന്ന തീരുമാനങ്ങളാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും ഇതിനെതിരെ ശക്തമായ ഇടപെടൽ ആവശ്യമാണെന്നും 'കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഉന്നതവിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ടെന്നും സെമിനാറിൽ ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സ്വയംഭരണ കോളേജുകളിലെ വിവിധ കോഴ്സുകളും പരീക്ഷകളും സംബന്ധിച്ച് ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളെയും

ബന്ധിപ്പിച്ചുകൊണ്ട് ഒരു വെബ് പോർട്ടലിന് രൂപം നൽകി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും സഹകരണ മേഖലയിലെ കോളേജുകളെ സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പുതുതായി സ്വയംഭരണാവകാശമുള്ള കോളേജുകൾ അനുവദിക്കില്ലെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി അറിയിച്ചു. സ്വയംഭരണാവകാശമുള്ള കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രചരണങ്ങളിൽ തെറ്റിദ്ധാരണയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 860 മുതൽ 1217 വരെയുള്ള ചോദ്യങ്ങളിൽ 179 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)